**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1176.** **06.06.2018 ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ ക്ലബ്ബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോജി എം.ജോൺ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | സ്കൂൾ കോളേജ് തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) | വിദ്യാലയങ്ങളിൽ പ്രവർത്തിച്ചു വരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളിൽ സ്കൂളിലെ പ്രധാനാധ്യാപകൻ, പി.റ്റി.എ. പ്രസിഡൻറ്, പഞ്ചായത്ത് അംഗം, പ്രദേശത്തെ എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികളും പ്രധാന അധ്യാപകൻ നിർദ്ദേശിക്കുന്ന ഒരു അധ്യാപകൻ കൺവീനറും ക്ലബ്ബിലെ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡൻറും ഒരു സെക്രട്ടറിയും ഉണ്ടായിരിക്കും. വിദ്യാർഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്നതാണ് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന്റെ പ്രധാന ലക്ഷ്യം. |
| (സി) | മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം എന്ന നിലയിൽ സ്കൂൾ കോളേജ് തലങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നല്കി വരുന്നുണ്ട്. മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്ക് സ്കൂൾ കോളേജ് തലങ്ങളിൽ 10,000/- രൂപ വീതവും മികച്ച ലഹരി വിരുദ്ധ പ്രവർത്തകന് 5000/- രൂപ വീതവും ക്യാഷ് അവാർഡ് നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ